**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ. ജോയ്. റ്റി. ഫിലിപ്പിന് നൽകിയ താല്ക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1. 12/02/2019 ൽ ശ്രീ. ജോയ്. റ്റി. ഫിലിപ്പ്, സീനിയർ ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് സമർപ്പിച്ച അപേക്ഷ
2. ഈ ആഫീസിലെ ഉത്തരവ് നം. ഇ. എസ്2/40318/2012/ആവഡ, തീയതി. 15/12/2014
3. ഉത്തരവ് നം. ഇ.ഡി1/20007/07/ആ.വ.ഡ. തീയതി. 28/09/2007
4. ഉത്തരവ് നം. ഇ.ഡി2-89583/98/ആവഡ, തീയതി. 22/10/1998
5. ഈ ആഫീസിലെ നോട്ടീസ് നമ്പർ. ഇ.എസ്2/20584/19/ആവഡ, തീയതി. 27/03/2019

**ഉത്തരവ് നം. ഇ.എസ്2/20584/19/ആ.വ.ഡ/തീയതി : 09/05/2019**

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്ക് ശ്രീ. ജോയ്. റ്റി. ഫിലിപ്പ് അപേക്ഷ സമർപ്പിച്ചിരുന്നു

ശ്രീ. ജോയ്. റ്റി. ഫിലിപ്പ് 09.10.1996 ൽ എൽ. ഡി ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. വകുപ്പ്തല പരീക്ഷകൾ പാസ്സായതിനെ തുടർന്ന് സൂചന (4) ഉത്തരവ് പ്രകാരം പരിവീക്ഷണകാലം പൂർത്തിയാക്കിയതായി ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. സൂചന (3) ഉത്തരവ് പ്രകാരം ശ്രീ. ജോയ്. റ്റി. ഫിലിപ്പിന് യു. ഡി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടി യാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല. 01.02.2008 മുതൽ 31.12.2018 വരെ ശൂന്യവേതന അവധിയിൽ ആയിരുന്ന ശ്രീ. ജോയ്. റ്റി. ഫിലിപ്പ് 01.01.2019 നാണ് തിരികെ സർവ്വീസിൽ പ്രവേശിച്ചത്. യു. ഡി ക്ലാർക്കായി പ്രമോഷൻ ലഭിച്ചതിന് ശേഷമാണ് ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ചത്.

മേൽ സാഹചര്യത്തിൽ ശ്രീ. ജോയ്. റ്റി. ഫിലിപ്പിനെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 405 എ സ്ഥാനം നല്കി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് സൂചന (5) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. ജോയ്. റ്റി. ഫിലിപ്പിനെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 405 എ സ്ഥാനം നൽകി ഉൾപ്പെടുത്താൻ സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ. ഡി. സി തസ്തികയിലെ നിലവിലുള്ള റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലുള്ള റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ പുതിയതായി അനുവദിച്ച റാങ്ക് നമ്പർ |
|---|---|---|---|---|---|---|---|
| 1 | അശോകൻ. ആർ | 10/05/1971 | 10/10/1996 | 12/99 | 289 (1994-1997) | 405 | -- |
| 2 | ജോയ്. റ്റി. ഫിലിപ്പ് | 26/05/1974 | 09/10/1996 | 12/98 | 291 (1994-1997) | ---- | 405 A |
| 3 | കെ.എൻ.ശിവദാസ് | 12/03/1962 | 22/10/1996 | 6/98 | 292 (1994-1997) | 406 | -- |

(ഒപ്പ്)
അബ്ദുള് നാസർ പുലത്ത്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. ജോയ്. റ്റി. ഫിലിപ്പ്
സീനിയർ ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
2) സൂപ്രണ്ട്, ഇ.ഡി. സെക്ഷൻ
3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4) ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്